**750**

**അ- അ- അ- ആ എൻ പ്രിയൻ**
**ഒ- ഒ- ഒ- ഓ നല്ലവൻ !**

**ഈ വിധം സ്നേഹിതൻ പാരിലാർ**
**വീണ്ടെടുത്താനെന്നെത്തൻ ചോരയാൽ**

**1 ലോകമാം കടൽത്തിരത്തള്ളലിൽ**
**പൂകുമീ വൻപാറയിൻ വിള്ളലിൽ**
**2 കൈവിടുകയില്ലവനല്ലലിൽ**
**വീഴുകിൽത്തൻ ശാശ്വത കൈകളിൽ**
**3 ചൂടെഴുന്ന ശോധനവേളയിൽ**
**കൂടെ വന്നു ചേരുമച്ചൂളയിൽ-**
**4 കൂട്ടിനുണ്ട് കൂടെന്നുമിദ്ധരേ**
**വീട്ടിലെത്തി വിശ്രമിക്കും വരെ-**
**5 നശ്വരമല്ലാത്തൊരു ദേഹവും**
**ഇശ്ശരീരം മാറ്റിത്താൻ തന്നിടും-**
**6 ഹല്ലേലുയ്യാ പാടിടും മോദമായ്**
**നല്ലവനാം എൻപ്രിയൻ മൂലമായ്-**

T.K.S